ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: നമ്മുടെ വർക്ക്ഷോപ്പിൽ ബോഡി നിർമ്മിക്കുകയാണെങ്കിൽ ആ ഒരു ബോഡി നിർമ്മിക്കുന്നതിന് എന്തു ചെലവു വരും? ടി. വി. എസ്. വഴി അശോകാ ലെയ്ലാൻഡിൽ, ബോഡി നിർമ്മിക്കുന്നതിന് ബോഡി ചെയ്സിസ് കഴിച്ച് ബോഡിയുടെ മാത്രമായി എന്തു ചെലവ് വരും? അങ്ങനെ വരുന്ന വ്യത്യാസം ടി.വി.എസ്. വർക്ക്ഷോപ്പിൽ പണിത ബോഡി കൊണ്ടുപോകുന്നതിനുള്ള ചാർജ്ജുകൂടി ഗവൺമെന്റിന് മൊത്തം എന്തു നഷ്ടം വന്നിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: നമ്മുടെ വർക്ക്ഷോപ്പിൽ വണ്ടി ബോഡികെട്ടുകയാണെങ്കിൽ ഏതാണ്ട് ഒരു ലക്ഷത്തിയേഴായിരത്തിൽ ചിലപ്പോൾ രൂപയാണ് വരുന്നത്. എക്സ്പ്രസ് ബസ്സുകൾ ബോഡികെട്ടി അശോകാ ലെയ്ലാൻഡിൽ നിന്നു വരുമ്പോൾ ബോഡി കെട്ടുന്നതിന് മാത്രം ഒരു ലക്ഷത്തി നാൽപ്പതിനായിരം രൂപയാകുമെന്നാണ് സാധാരണ ബസ്സുകൾക്ക് ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ വരുന്നുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി രണ്ടാമത് തന്ന പ്രസ്താവനയിലെ ആദ്യ പാരഗ്രാഫിൽ പറയുന്നത് ഐ.ഡി. ബി.ഐ. ലോൺ തരുന്നത് ബോഡികൂടി കെട്ടിയ ബസ്സുകൾ വാങ്ങുന്നതിനാണ്. അത് അപ്പോഴുള്ള വിവരം വച്ചാണ് പറയുന്നതെന്നു പറഞ്ഞു. പിന്നീട് കിട്ടിയ വിവരമനുസരിച്ച് ബോഡിക്കും ചെയിസിസിനും ലോൺ കിട്ടുമെന്നു പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബോഡിയും ചെയിസിസും പ്രത്യേകം ലോണാക്കി വാങ്ങിച്ച് ബോഡിയുണ്ടാക്കുന്ന ജോലി നമ്മുടെ വർക്ക്ഷോപ്പിൽ നടത്താൻ നിയമപരമായി എന്താണ് തടസ്സമെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: നമ്മുടെ വർക്ക്ഷോപ്പിൽ ലെയ്ലാൻഡ് ചെയ്സിസ് ഉപയോഗിച്ചു ബസ്സ് നിർമ്മിച്ചിട്ടുണ്ട്. 1984-85-ൽ 99 ബസ്സുകൾ നമ്മുടെ വർക്ക്ഷോപ്പിൽ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ 92 എണ്ണം ടാറാബൈൻസും 7 എണ്ണം ലെയ്ലാൻഡ് ബസ്സുമാണ്.

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

ഫാർമസി കോളേജുകളിലെ പ്രവേശനം

*5 (452) ശ്രീ. കെ. പി. എ. മജീദ്:
,, കെ. പി. രാമൻ:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. കെ. കെ. ബാവ:
,, നാലകത്തു സൂപ്പി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ആരംഭിച്ചിരിക്കുന്ന ഫാർമസി കോളേജുകളിലെ പ്രവേശനം തികച്ചും മെരിറ്റ് അടിസ്ഥാനത്തിൽ നൽകുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

സർക്കാർ നടത്തുന്ന ഫാർമസി കോളേജുകളിൽ ജനറൽ മെരിറ്റിലേയ്ക്കുള്ള സീറ്റുകളിൽ അടിസ്ഥാന യോഗ്യതയിലെ മാർക്കിന്റെ മാത്രം അടിസ്ഥാനത്തിലും സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടുമാണ് പ്രവേശനം നടത്തുന്നത്.

രോഗ പ്രതിരോധ പദ്ധതി

*6(453) ശ്രീ. ജോസ് കുറ്റ്യാനി:
,, കെ. കെ. തോമസ്:
,, തോപ്പിൽ രവി:
,, മണിമംഗലത്ത് കുട്ട്യാലി:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആരോഗ്യ വകുപ്പിന്റെ ചുമതലയിൽ രോഗ പ്രതിരോധ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളാണ് തിരഞ്ഞെടുക്കപ്പെട്ടത്;

(ബി) ഈ പദ്ധതി എത്ര ശതമാനം വിജയപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഏതെല്ലാം പരിപാടികളിൽ കൂടിയാണിത് നടപ്പിലാക്കുന്നത്;

(ഡി) തിരഞ്ഞെടുക്കപ്പെട്ട ഓരോ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട എത്ര കുട്ടികൾക്ക് വീതം പ്രതിരോധ കുത്തിവയ്പ് നൽകിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 1985-86-ൽ മുതൽ ഇടുക്കി, പാലക്കാട് എന്നീ ജില്ലകളും, 1986-87 വർഷത്തിൽ ഈ പദ്ധതി നടപ്പാക്കാനായി കൊല്ലം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഈ പദ്ധതി 1985 നവംബർ മുതൽക്കേ ഈ സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുള്ളൂ. ഇടുക്കി, പാലക്കാട് ജില്ലകളിൽ ഏകദേശം 30 ശതമാനം അർഹരായ കുട്ടികൾക്ക് ഇതിനകം ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) മാതൃ ശിശു സംരക്ഷണ പരിപാടികളിൽ കൂടിയും സംയോജിത ശിശു വികസന പദ്ധതികളിൽകൂടിയും, യൂണിസെഫിന്റെ സഹായത്തോടുകൂടിയും ആണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഡി) തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിച്ച കുട്ടികളുടെ കണക്ക് താഴെ കൊടുക്കുന്നു.

		റ്റി.റ്റി.	ഡി.പി.റ്റി.	പോളിയോ	ബി.സി.ജി.
1.	പാലക്കാട് ജില്ല	10000	12500	12500	6500
2.	ഇടുക്കി	4600	4100	4100	1300

LIBRARY ARCHIVES Kerala Legislative Assembly